# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 26, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 299)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | 1989 മുതൽ 2115 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി | 2116 മുതൽ 2153 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 2154 മുതൽ 2228 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 2229 മുതൽ 2287 വരെ |

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

1989

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

1990 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കിയത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

**വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിരീക്ഷണങ്ങളിന്മേൽ സ്വീകരിച്ച നടപടി**

1991

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി നിരക്കുവർദ്ധനവിന് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ബോർഡ് കൈവരിച്ച നേട്ടങ്ങൾ അറിയിക്കാൻ റഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കമ്മീഷനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ തവണ ചാർജുവർദ്ധനവിന് ബോർഡ് കമ്മീഷനെ സമീപിച്ചപ്പോൾ കമ്മീഷൻ ബോർഡിന്റെ പ്രവർത്തനത്തിലും ആസൂത്രണത്തിലുമുള്ള വീഴ്ചകൾ ചൂണ്ടിക്കാണിച്ചിരുന്നുവോയെന്നറിയിക്കുമോ;

(ഡി) കമ്മീഷന്റെ നിരീക്ഷണങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ആയതിന് ബോർഡ് പരിഹാരം കണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അധികവൈദ്യുതിചാർജ് ഈടാക്കിയതായുള്ള പരാതി</u>

1992 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗിച്ചതിനേക്കാൾ കൂടുതൽ വൈദ്യുതി ചാർജ് ഏതെങ്കിലും ഉപഭോക്താവിൽ നിന്ന് ഈടാക്കിയതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും പ്രസ്തുത പരാതികളിന്മേൽ സ്വീകരിക്കപ്പെട്ട നടപടികളും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി മേഖലയുടെ സ്വകാര്യവല്‍ക്കരണം</u>
<u>മൂലമുണ്ടാകുന്ന പ്രതിസന്ധികള്‍</u>

1993 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിനെ കമ്പനിയാക്കുവാന്‍ ആലോചിക്കുന്നുണ്ടോ; എങ്കില്‍ ആയത് വൈദ്യുതി മേഖലയില്‍ വലിയ പ്രതിസന്ധി സൃഷ്ടിക്കും എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി യുടെ കമ്പനി വൽക്കരണം</u>

1994 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ കമ്പനി വൽക്കരണം സംബന്ധിച്ചുളള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി കമ്പനിയായി പുനഃസംഘടിപ്പിക്കുന്നതിനും ബോർഡിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനും എത്ര രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുളളത്;

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി കഴിഞ്ഞ ബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചത്; പ്രസ്തുത തുക ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി യുടെ കമ്പനിവല്‍ക്കരണം</u>

1995 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കെ.എസ്.ഇ.ബി യെ കമ്പനിയാക്കുന്നതുകൊണ്ടുള്ള ഗുണദോഷങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

## വൈദ്യുതിബോർഡിന്റെ ആസ്തിമൂല്യം

1996

ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ ആസ്തികളുടെ ഇപ്പോഴത്തെ യഥാർത്ഥ മൂല്യം എത്രയാണെന്നറിയിക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ ആസ്തി മൂല്യം കണക്കാക്കിയിട്ടുള്ളത് എന്നാണെന്നറിയിക്കുമോ;

(സി) കെ.എസ്.ഇ.ബി. യുടെ ആസ്തി മൂല്യം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് ശരിയായ രീതിയിലാണെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിൽ വിദേശസഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ

1997 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നടപ്പാക്കി വരുന്ന വിദേശസഹായത്തോടെയുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും പദ്ധതികൾ വിദേശസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കാൻ നടപടി

1998 ശ്രീ. എ.എ .അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് കെ.എസ്.ഇ.ബി ക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക നൽകാനുള്ളതെന്ന് ഓരോ സ്ഥാപനവും നൽകാനുള്ള കുടിശ്ശികത്തുക സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശികത്തുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കോൺക്രീറ്റ് പോസ്റ്റുകളുടെ വില</u>

1999 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ക്ക് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ വിതരണം ചെയ്യുന്നത് ഏതു സ്ഥാപനമാണ്;

(ബി) ഒരു പോസ്റ്റിന് എത്ര രൂപയാണ് കെ.എസ്.ഇ.ബി. നൽകുന്നതെന്നറിയിക്കുമോ;

(സി) ഉപഭോക്താക്കളിൽ നിന്ന് ഒരു പോസ്റ്റിന് എത്ര രൂപയാണ് കെ.എസ്.ഇ.ബി ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിശ്ചിത വരുമാനത്തിൽ താഴെയുള്ള അപേക്ഷകർക്ക് പോസ്റ്റുകൾ സൗജന്യമായി നൽകുന്നതിനും ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ ലൈബ്രറിയും ട്രെയിനിംഗ് സെന്ററും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി</u>

2000 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ( വൈദ്യുതി ബോർഡിന്റെ ലൈബ്രറിയും ട്രെയിനിംഗ് സെന്ററും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലൈബ്രറി നവീകരിക്കുന്നതിനും ട്രെയിനിംഗ് സെന്റർ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വൈദ്യുതി ബോർഡിലെ ഏതെങ്കിലും യൂണിയനുകൾ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്ര രൂപയുടെ സാങ്കേതിക ഗ്രന്ഥങ്ങളാണ് ലൈബ്രറിയിലേക്ക് വാങ്ങിയതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി

2001 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിലുള്ള ഓരോ കാറ്റഗറിയിലെയും ജീവനക്കാരുടെ അനുവദനീയ തസ്തികകളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(ബി) പ്രസ്തുതതസ്തികകളിൽ ഇപ്പോൾ ജോലിനോക്കുന്നവർ എത്രയാണെന്നും, ഏതൊക്കെ തസ്തികകളാണ് ഒഴിവായിക്കിടക്കുന്നതെന്നും കാറ്റഗറി തിരിച്ച് അറിയിക്കുമോ;

(സി) ഒഴിവായിക്കിടക്കുന്ന തസ്തികകളിലേക്ക് അടിയന്തിരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മന്ത്രിമന്ദിരങ്ങളിലെ വൈദ്യുതിചാർജ്ജ്</u>

2002 ശ്രീ. ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ മന്ത്രിയുടേയും വസതികളിലെ 2013 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ വൈദ്യുതോപഭോഗം എത്ര യൂണിറ്റ് വീതമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത മാസങ്ങളിൽ ഓരോ മന്ത്രിമന്ദിരത്തിലേയും വൈദ്യുതിചാർജ്ജ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതോപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

2003

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോപഭോഗം കുറയ്ക്കുന്നതിനുവേണ്ടി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാന മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവർ താമസിക്കുന്ന വസതികളിലെ കഴിഞ്ഞ ആറു മാസത്തെ വൈദ്യുതോപയോഗവും ആയതിന്റെ ബിൽതുകയും വേർതിരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ഉപയോഗം നിയന്ത്രിക്കാൻ കടുത്ത നടപടി</u>

2004 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം നിയന്ത്രിക്കാൻ കെ. എസ്.ഇ.ബി. കടുത്ത നടപടി സ്വീകരിക്കുമ്പോഴും, മന്ത്രിമാരുടെ വസതികളിൽ വൈദ്യുതി ഉപയോഗം ഗണ്യമായ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മന്ത്രിമാരുടെയും വസതികളിൽ ചെലവഴിച്ച വൈദ്യുതി യൂണിറ്റ് 2012 ഡിസംബർ മുതൽ 2013 ഫെബ്രുവരി വരെ തരം തിരിച്ച് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വൈദ്യുതി മേഖലയുടെ സ്വകാര്യവല്‍ക്കരണത്തിലുള്ള നിലപാട്

2005 ശ്രീ. എ. കെ. ബാലന്‍
,, എസ്. ശര്‍മ്മ
,, രാജു എബ്രഹാം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതിമേഖലയുടെ സ്വകാര്യവല്‍ക്കരണത്തില്‍ സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) പുനരുദ്ധാരണ പദ്ധതിയില്‍ ചേരുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ട് ഉന്നതനായ ഉദ്യോഗസ്ഥന്‍ കേന്ദ്ര സര്‍ക്കാരിന് കത്തെഴുതിയിട്ടുണ്ടോ; എങ്കില്‍ കത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; പ്രസ്തുത കത്തെഴുതിയത് സര്‍ക്കാരിന്റെ അറിവോടുകൂടിയാണോ? ഇക്കാര്യത്തിലുള്ള സര്‍ക്കാര്‍ നിലപാട് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുതിമേഖല സ്വകാര്യവല്‍ക്കരിക്കുന്നതിനായി കേന്ദ്രസര്‍ക്കാരില്‍നിന്ന് സമ്മര്‍ദ്ദം നേരിടുന്നുണ്ടോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സാഹചര്യം അതിജീവിക്കാന്‍ എന്തു നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ്</u>

2006

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കമ്പനികൾക്കുള്ള സാമ്പത്തിക പുനസംഘടനാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാക്കേജിന്റെ നടപടികൾക്കായി സംസ്ഥാന സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>മീറ്റർ റീഡിംഗ് എടുക്കുന്നതിലെ അപാകതകൾ</u>

2007

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും മീറ്റർ റീഡിംഗ് എടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ;

(ബി) രണ്ട് മാസത്തിലൊരിക്കൽ ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നിശ്ചിത ദിവസം എടുക്കാറുണ്ടോ;

(സി) നിശ്ചിത ദിവസങ്ങളിൽ മീറ്റർ റീഡിംഗ് എടുക്കാതിരിക്കുകയും അതിൽ കാലതാമസമുണ്ടാകുമ്പോൾ ഉപഭോഗം അടുത്ത സ്ലാബിലേക്ക് കടക്കുകയും ചെയ്യുന്നതു കാരണം ഉപഭോക്താവിന് ഭാരിച്ച തുക നൽകേണ്ടിവരുന്നതായുള്ള പരാതികൾ ബന്ധപ്പെട്ട ഓഫീസുകളിൽ ലഭിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇപ്രകാരം ഉപഭോക്താക്കളിൽ നിന്ന് വലിയ തുക ഉപഭോക്താവിന്റേതല്ലാത്ത കാരണത്താലും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ അലംഭാവം കാരണമായും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഉപഭോക്താവിന് ഇപ്രകാരമുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുവാൻ നിശ്ചിത ദിവസം തന്നെ മീറ്റർ റീഡിംഗ് എടുക്കുന്നതിനും അതിൽ വീഴ്ച വരുത്തി ഉപഭോക്താവിനുമേൽ ബാധ്യത വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തകരാറിലായ മീറ്ററുകൾ</u>

2008

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്ക് നൽകിയ ആകെ മീറ്ററുകൾ എത്രയെണ്ണമാണെന്നറിയിക്കുമോ;

(ബി) അവയിൽ തകരാറിലായ മീറ്ററുകൾ എത്രയെന്നും എത്രയെണ്ണം പുന:സ്ഥാപിക്കുകയുണ്ടായെന്നും അറിയിക്കുമോ;

(സി) ഈ സർക്കാർ നാളിതുവരെ എത്ര മീറ്ററുകൾ പുന:സ്ഥാപിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്നവ എത്രയാണെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വികലാംഗർക്കും അഗതികൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ</u>

2009 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിൽ വികലാംഗർക്കും അഗതികൾക്കും എന്തെങ്കിലും സൗജന്യങ്ങളോ മുൻഗണനകളോ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതലാണ് പ്രസ്തുത ആനുകൂല്യങ്ങൾ നിർത്തലാക്കിയത്; വിശദാംശം വ്യക്തമാക്കാമോ;

(സി) വികലാംഗർക്കും അഗതികൾക്കും വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>ജലവൈദ്യുതിയുടെ ഉല്പാദനം മെച്ചപ്പെടുത്താൻ നടപടി</u>

2010 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ സംസ്ഥാനത്തെ ഒരോ ജലവൈദ്യുതപദ്ധതിയിൽ നിന്നും പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം പൂർണ്ണമായും നിലയ്ക്കാനുള്ള സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) വൈദ്യുതി മേഖലയിലെ ആസൂത്രണത്തിലുള്ള പിഴവുകാരണമാണ് ജലവൈദ്യുതിയുടെ ഉല്പാദനം കുറയുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>പുതിയ ജലവൈദ്യുത പദ്ധതികള്‍</u>

2011 ശ്രീ. കെ. മുരളീധരന്‍
,, റ്റി. എന്‍. പ്രതാപന്‍
,, ഷാഫി പറമ്പില്‍
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികള്‍ക്ക് ടെന്‍ഡര്‍ നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങള്‍ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഉല്‍പ്പാദനശേഷി എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികള്‍ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ആതിരപ്പള്ളി പദ്ധതി</u>

2012 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആതിരപ്പള്ളി പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തിരമാലകളിൽ നിന്ന് വൈദ്യുതി</u>

2013 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികൾക്കു പുറമെ മറ്റേതെല്ലാം ശ്രോതസ്സുകളിൽ നിന്നാണ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തിരമാലകളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ആഭ്യന്തര വൈദ്യുതോല്പാദനശേഷിയും ഉപഭോഗവും</u>

2014

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വൈദ്യുതോല്പാദനശേഷി വിവിധ സ്രോതസ്സുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര വൈദ്യുത ഉപഭോഗം എത്ര മെഗാവാട്ടാണെന്ന് അറിയിക്കുമോ ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് പുറത്തുനിന്ന് വിലയ്ക്ക് വാങ്ങിയ വൈദ്യുതിയുടെ കണക്കുകൾ വാർഷിക അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡുമായി സഹകരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതി</u>

2015 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡുമായി ചേർന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എം. ഒ. യു. ഒപ്പിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വാതകാധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്രത്തോളം വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ</u>

2016 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആഭ്യന്തര ഉല്പാദനം നടത്തുന്ന ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നുണ്ട്; പ്രസ്തുത വൈദ്യുതി എത്ര രൂപ നിരക്കിലാണ് ലഭിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>എൽ. എൻ. ജി. പ്ലാന്റുകൾ</u>

2017 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡീസൽ വൈദ്യുതി പ്ലാന്റുകളാണ് നിലവിലുള്ളതെന്നറിയിക്കുമോ ;

(ബി) പ്രസ്തുത പ്ലാന്റുകളിൽ ഏതെങ്കിലും എൽ. എൻ. ജി. പ്ലാന്റാക്കിമാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പുതുതായി എൽ. എൻ. ജി. പ്ലാന്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുത പ്രതിസന്ധി പരിഹരിക്കാനുള്ള പദ്ധതികൾ</u>

2018 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം ഹ്രസ്വകാല, ദീർഘകാല പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസരണനഷ്ടം കുറയ്ക്കാൻ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസരണനഷ്ടം കുറയ്ക്കാൻ ആവിഷ്കരിച്ച ഏതെങ്കിലും പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അണ്ടർഗ്രൗണ്ട് കേബിളുകൾ വാങ്ങിയതിലെ നഷ്ടം</u>

2019 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. 2011 വർഷത്തിൽ എത്ര ദൈർഘ്യത്തിലുള്ള അണ്ടർഗ്രൗണ്ട് കേബിളുകൾക്കാണ് ദർഘാസ് ക്ഷണിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ദർഘാസുകളുടെ പൊതുവ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദർഘാസുകളുടെ പൊതുവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 2011 ൽ എത്ര ദൈർഘ്യത്തിലുള്ള യുജി. കേബിളുകൾ വാങ്ങുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നടത്തിയ നിരീക്ഷണം എന്താണെന്ന് വ്യക്തമാക്കുമോ; എത്ര രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തപ്പെട്ടത്;

(ഇ) ഇതുവഴി കെ.എസ്.ഇ.ബി യ്ക്കുണ്ടായ നഷ്ടത്തെ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി

2020 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ പദ്ധതികളില്‍ നിന്നു കേന്ദ്ര വിഹിതമായി പ്രതിദിനം ലഭിക്കുന്ന വൈദ്യുതി എത്രയാണ് ; പ്രതിദിന ചെലവ് എത്രയാണ് ; വരവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കാന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പാരമ്പര്യേതര ഊര്‍ജ്ജ മേഖലകളില്‍ ഓരോന്നിലും നിന്ന് എത്രമാത്രം വൈദ്യുതി ലഭിക്കുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) വീടുകളിലും ഓഫീസുകളിലും മറ്റു സ്ഥാപനങ്ങളിലും വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും സൗരോര്‍ജ്ജ പദ്ധതികള്‍ നടപ്പാക്കുന്നതിനും എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ വൈദ്യുതി വിഹിതം</u>

2021 ശ്രീ. എളമരം കരീം
,, ബി. സത്യൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ അൺഅലോക്കേറ്റഡ് പൂളിൽ നിന്ന് കേരളത്തിന് അനുവദിച്ച വൈദ്യുതി വിഹിതത്തിൽ ഈ സാമ്പത്തിക വർഷം കുറവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഏത് സംസ്ഥാനത്തിനാണ് നൽകിയതെന്നറിയാമോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി വിഹിതം വെട്ടിക്കുറച്ച കേന്ദ്ര നിലപാട് തിരുത്തുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും</u>

2022 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ വൈദ്യുതി ആവശ്യകതയും പ്രതിമാസ ലഭ്യതയും എത്രയാണെന്നറിയിക്കുമോ;

(ബി) ഏതെല്ലാം സ്രോതസുകളിൽ നിന്നാണ് പ്രസ്തുത വൈദ്യുതി ലഭിച്ചു കൊണ്ടിരിക്കുന്നത് എന്നറിയിക്കുമോ;

(സി) ഓരോ സ്രോതസിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ തോത് ഇനം തിരിച്ച് വിശദീകരിക്കുമോ;

(ഡി) കേന്ദ്രപൂളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവും അതിന് നൽകുന്ന തുകയെ സംബന്ധിച്ചുള്ള വിശദവിവരവും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ</u>

2023 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അധികമായി ആവശ്യമായ വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കരാറുകളെന്നും ആരുമായിട്ടാണ് കരാറുകളെന്നും അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ വൈദ്യുതി വാങ്ങുന്നതിനായുണ്ടാക്കിയ ഏതെങ്കിലും കരാറുകൾ ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) 2013-14 വർഷത്തിൽ പുറമേ നിന്ന് വൈദ്യുതി വാങ്ങുന്നതിലേക്കായി ഹ്രസ്വകാല-ദീർഘകാല കരാറുകളിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത വർഷത്തിൽ കരാറുകളിൽ ഏർപ്പെടാതിരുന്നാൽ പവ്വർ എക്സ്ചേഞ്ച് വഴി വൈദ്യുതി വാങ്ങുമ്പോൾ അമിത വില നൽകേണ്ട സാഹചര്യം ഉണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുറമേ നിന്നു വാങ്ങുന്ന വൈദ്യുതി സംസ്ഥാനത്തെത്തിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) പ്രസ്തുത ആവശ്യത്തിലേക്കായി പവ്വർ ലൈനുകൾ മുൻകൂട്ടി ബുക്ക് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അധികമായി വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

2024 ശ്രീ. സി. പി. മുഹമ്മദ്
'' പാലോട് രവി
'' സണ്ണി ജോസഫ്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതികളിലൂടെ അധികമായി ഉൽപാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നുള്ള കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതോല്പാദനം</u>

2025 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈതരണിയിൽ വെസ്റ്റ് കോൾ ബ്ലോക്കിൽനിന്ന് അനുവദിച്ച കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി കൽക്കരി അധിഷ്ഠിത ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് പദ്ധതിയുടെ പ്രവർത്തനം</u>

2026 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതിയുടെയും സൗരോർജ്ജ വൈദ്യുതിയുടെയും ഉല്പാദനച്ചെലവിലുള്ള വ്യത്യാസം സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് പദ്ധതി സ്വകാര്യമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ, അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

സൗരോര്‍ജ്ജ വിനിയോഗം

2027 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജസംരക്ഷണത്തിന്റെ ഭാഗമായി സൗരോര്‍ജ്ജത്തിന്റെ ഉപഭോഗം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് പൂര്‍ത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തെരുവുവിളക്കുകള്‍ പ്രവര്‍ത്തിപ്പിക്കുന്നതിന് സൗരോര്‍ജ്ജം പ്രയോജനപ്പെടുത്തുവാന്‍ പ്രത്യേകപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(സി) സൗരോര്‍ജ്ജം ഉപയോഗിച്ച് തെരുവുവിളക്കുകള്‍ പ്രവര്‍ത്തിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി അധികതുക കണ്ടെത്തുവാന്‍ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

2028

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് വഴി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) സൗരോർജ്ജപ്ലാന്റ് വീടുകളിൽ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതവും സബ്സിഡി നൽകുന്ന തുകയും ഓരോ സ്കീമിലും എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) ഗുണഭോക്തൃ വിഹിതം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ, വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റൂഫ്ടോപ്പ് സോളാർ പവർപ്ലാന്റുകൾ</u>

2029 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റുകൾ അനെർട്ട് വഴി നടപ്പിലാക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതൊക്കെ ഉപകരണങ്ങളാണ് ഓരോ വീട്ടിലും സ്ഥാപിക്കുന്നത്;ഓരോന്നിന്റെയും സ്പെസിഫിക്കേഷനും വിലയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അടുക്കളമാലിന്യത്തിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിന് സബ്സിഡി</u>

2030 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുക്കള മാലിന്യത്തിൽ നിന്ന് ഊർജ്ജോത്പാദനം ലക്ഷ്യമിട്ട് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി സബ്സിഡി നൽകുന്നുണ്ടോയെന്നറിയിക്കുമോ ; എത്രതുക വീതമാണ് ഇതിന് അനുവദിക്കുന്നതെന്നറിയിക്കുമോ ;

(സി) അടുക്കള മാലിന്യത്തിൽ നിന്ന് ചെറുകിട ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് എത്ര രൂപ വീതമാണ് സബ്സിഡി നൽകുന്നതെന്ന് അറിയിക്കുമോ ;

(ഡി) ചേർത്തല നഗരസഭയുടെ കീഴിൽ എത്ര പേർക്ക് പ്രസ്തുത ഇനത്തിൽ സബ്സിഡി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണം</u>

2031

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 - 2011 ൽ എത്ര വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുകയുണ്ടായി; ഉത്തരവാദികളായവരിൽ നിന്നും എന്തു തുക പിഴയായി ഈടാക്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ എത്ര വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുകയുണ്ടായി; അവരിൽ നിന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണവും ദുരുപയോഗവും
തടയുന്നതിന് സ്വീകരിച്ച നടപടികൾ</u>

2032

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈദ്യുതി മോഷണവും ദുരുപയോഗവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിതരണ-പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി</u>

2033 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജപ്രതിസന്ധി നേരിടുന്ന സംസ്ഥാനത്ത് വിതരണ-പ്രസരണനഷ്ടം പരമാവധി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിച്ചുവരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ മസ്ദൂർമാരെയും, ലൈൻമാൻമാരെയും നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ</u>

2034

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണരംഗത്തെ തകരാറുകൾ മൂലം പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി നഷ്ടമാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

എഞ്ചിനീയര്‍മാരെ അവിദഗ്ദ്ധ ജോലികള്‍ക്ക് നിയോഗിക്കുന്നത് ഒഴിവാക്കാന്‍ നടപടി

2035 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ഡിവിഷന്‍, സര്‍ക്കിള്‍ ഓഫീസുകളില്‍ എഞ്ചിനീയര്‍മാരെ അവിദഗ്ദ്ധ ജോലികള്‍ക്ക് നിയോഗിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത നടപടി നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യം കൂടുതലുള്ള സെക്ഷന്‍ ഓഫീസുകളില്‍ പ്രസ്തുത എഞ്ചിനിയര്‍മാരെ വിന്യസിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വൈദ്യുതിലൈനിലെ പണിക്കിടയിലുണ്ടാകുന്ന അപകടങ്ങൾ

2036 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതിലൈനിൽ പണിയെടുത്തുകൊണ്ടിരിക്കെ എത്രപേർക്കാണ് അപകടം സംഭവിച്ചിട്ടുള്ളത്; ആയതിൽ ബോർഡ് ജീവനക്കാർ എത്ര; പ്രസ്തുത അപകടങ്ങളിൽ മരണപ്പെട്ടവർ, ഗുരുതര പരിക്കേറ്റവർ എത്ര എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ലൈനിൽ പണിയെടുക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോഴും ജീവഹാനിയുണ്ടാകുമ്പോഴും നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് എന്നറിയിക്കുമോ;

(സി) നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ഇല്ലെങ്കിൽ അപകടത്തിൽപ്പെട്ടവരുടെ ചികിൽസാച്ചെലവ്, ജീവഹാനിയുണ്ടായാൽ നഷ്ടപരിഹാരം, കുടുംബത്തിലെ ആശ്രിതർക്ക് ജോലി എന്നിവ നൽകാനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി മോഷണവും ക്രമക്കേടും കണ്ടെത്തുന്നത് പ്രോത്സാഹനം</u>

2037 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫീൽഡ് ഇൻസ്പെക്ഷനിലൂടെ വൈദ്യുതി മോഷണവും ക്രമക്കേടും കണ്ടെത്തുന്ന റീജനൽ ഓഡിറ്റിംഗ് ഓഫീസിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് പ്രോത്സാഹനവും ഇൻസെന്റീവും നൽകുന്നത് പരിഗണനയിലുണ്ടോ ;

(ബി) ബിൽ തുകകൾ സംബന്ധിച്ച് വൈദ്യുതി ബോർഡ് ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

2038 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിനു മുൻപുള്ള വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത അറ്റകുറ്റപ്പണികൾ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) മീറ്ററുകൾ, വയർ, കമ്പി, പോസ്റ്റ് എന്നിവയ്ക്ക് കടുത്ത ക്ഷാമം നേരിടുന്നുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിക്കുമോ ;

(സി) കേടായ മീറ്ററുകളുള്ള വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന</u>
<u>ആർ.ജി.ജി.വി.വൈ. പദ്ധതി</u>

2039

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്;

(ബി) കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ പേരും വിലാസവും സെക്ഷൻ ഓഫീസ് തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് അടിയന്തിരമായി വൈദ്യുതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം</u>

2040 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വ്യാപകമായ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പൂക്കൊളത്തൂർ സെക്ഷൻ ആഫീസ് ആരംഭിക്കുവാൻ നടപടി</u>

2041 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ ആസ്ഥാനമാക്കി കിഴിശ്ശേരി, മഞ്ചേരി, വള്ളുവമ്പ്രം, അരീക്കോട് സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേലുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുവാൻ സത്വര നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ 110/33 കെ.വി സബ്സ്റ്റേഷനുകൾ തുടങ്ങുന്നതിന് നടപടി</u>

2042 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ 110/33 കെ.വി സബ്സ്റ്റേഷനുകൾ തുടങ്ങുന്നതിന് ശുപാർശകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കൊണ്ടോട്ടി എയർപോർട്ട്, കാരാട്, പുളിക്കൽ എന്നിവിടങ്ങളിൽ സബ്സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ</u>

2043 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ 2013-14ൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരൂരിലെ വളവന്നൂർ കെ.എസ്.ഇ.ബി സബ്സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ അവസ്ഥ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത സബ്സ്റ്റേഷൻ എത്രപേർക്ക് പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

പുഴക്കാട്ടിരി സെക്ഷന് ഓഫീസ് ആരംഭിക്കുന്നതിന് നടപടി

2044 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉപഭോക്താക്കളുടെ എണ്ണം കൂടുതലുള്ള മക്കരപറമ്പ് സെക്ഷന്‍ ഓഫീസ് വിഭജിച്ച് പുഴക്കാട്ടിരി സെക്ഷന് ഓഫീസ് ആരംഭിക്കണമെന്നുള്ളാവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ പുഴക്കാട്ടിരി സെക്ഷന് ഓഫീസ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈക്കം നിയോജക മണ്ഡലത്തിലെ കല്ലറ സബ്സ്റ്റേഷന്റെ നിർമ്മാണം</u>

2045

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ കല്ലറ എന്ന സ്ഥലത്ത് സ്ഥാപിക്കുമെന്നറിയിച്ചിട്ടുള്ള 33 കെ.വി. സബ് സ്റ്റേഷന്റെ പണികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം എന്ന് തുടങ്ങാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സബ് സ്റ്റേഷന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഫീഡർ ലൈനുകൾ ഭൂഗർഭ കേബിൾ മുഖേനയാക്കുന്നതിന് നടപടി</u>

2046 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ രണ്ടു പ്രധാന ഫീഡർ ലൈനുകൾ വയൽ വരമ്പിലൂടെ പോകുന്നതിനാൽ പതിവായി പോസ്റ്റ് ഒടിഞ്ഞു വീഴുകയും ലൈൻ പൊട്ടി വീഴുകയും ചെയ്യുന്നത് മൂലം വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും അടിക്കടിയുള്ള മെയിന്റനൻസ് പ്രവൃത്തികൾ മൂലമുണ്ടാകുന്ന പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനും പ്രസ്തുത ഫീഡർ ലൈനുകൾ ഭൂഗർഭ കേബിൾ മുഖേനയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി</u>

2047 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എ.പി.ഡി.ആർ.പി പദ്ധതി പകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനായുള്ള കൊച്ചി നഗരപദ്ധതിയുടെ ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ സ്ഥലങ്ങളിൽ എവിടെയെല്ലാമാണ് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കയ്പമംഗലം നിയോജകമണ്ഡലത്തെ സൗരോർജ്ജോപഭോഗ മണ്ഡലമാക്കുന്നതിന് നടപടി</u>

2048 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അനെർട്ടിന്റേയും കെ.എസ്.ഇ.ബി.യുടെയും പങ്കാളിത്തത്തിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് പണമനുവദിച്ചാൽ എന്തു തുക ഓരോ സ്ഥാപനത്തിനായി അനുവദിക്കാനാകും എന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിഞ്ഞാൽ ഓഫീസുകളുടെ ഉപയോഗത്തിനു ശേഷമുണ്ടാകുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേക്ക് സ്വീകരിച്ച് ഓഫീസുകൾക്ക് വൈദ്യുതിക്ക് പണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കയ്പമംഗലം നിയോജക മണ്ഡലത്തിലെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സമ്പൂർണ്ണമായി സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നതിനും, പ്രസ്തുത മണ്ഡലത്തെ സൗരോർജ്ജോപഭോഗ മണ്ഡലമായി പ്രഖ്യാപിക്കുന്നതിനും അനുസൃതമായി ഒരു പദ്ധതി ആവഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിൽ വൈദ്യുതികണക്ഷനു വേണ്ടി ലഭിച്ച അപേക്ഷകൾ</u>

2049 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനായി തൃശൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൻമേൽ തീർപ്പ് കല്പിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാവാലം സബ്സ്റ്റേഷൻ നിർമ്മാണം</u>

2050 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മാവേലിക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

2051 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതു പദ്ധതിയിലാണ് പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മാവേലിക്കര പുന്നമ്മൂട് ളാഹ ജംഗ്ഷനിൽ റോഡിലേക്കിറങ്ങി സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോർമർ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന പരാതി പരിശോധിക്കുമോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ സബ് സ്റ്റേഷൻ നിർമ്മാണം</u>

2052 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആറ്റിങ്ങൽ സബ് സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ ;

(ബി) പൂർണ്ണമായും കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തുന്ന അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന ആറ്റിങ്ങൽ പട്ടണത്തിന് വളരെ അത്യാവശ്യവുമായ സബ് സ്റ്റേഷൻ നിർമ്മാണത്തിന് ഒരു വിഭാഗം ഉന്നത ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>റെയിൽവെ ബഡ്ജറ്റ്</u>

2053 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ റെയിൽവെ ബഡ്ജറ്റ് സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദക്ഷിണ റെയിൽവെ ചെന്നൈയിൽ വിളിച്ചു ചേർത്ത ആലോചനയോഗത്തിൽ സംസ്ഥാനത്തെ റെയിൽവെയുടെ ചുമതലയുള്ള മന്ത്രിയും എം.പി മാരും പങ്കെടുത്തിരുന്നില്ല എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പങ്കെടുക്കാത്തത് എന്തുകൊണ്ടാണ്; അറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനം സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ</u>

2054 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനം സമർപ്പിച്ചിരുന്ന, നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ ഏതെല്ലാം റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചെന്ന് വിശദമാക്കാമോ;

(സി) റെയിൽവെ ബഡ്ജറ്റിനു മുമ്പായി സംസ്ഥാനത്തെ ലോകസഭാ രാജ്യസഭാംഗങ്ങളുടെ യോഗം വിളിച്ചിരുന്നോ; പ്രസ്തുത യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര റെയിൽവേയ്ക്ക് മുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതിനൊക്കെ റെയിൽവെ ബഡ്ജറ്റിൽ മതിയായ തുക നീക്കിവച്ചെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റെയിൽ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുളള പദ്ധതികൾ</u>

2055

ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റെയിൽ ബജറ്റുകളിൽ കഴിഞ്ഞ അഞ്ചുവർഷം കേരളത്തിനുവേണ്ടി പ്രഖ്യാപിച്ചിട്ടുളള പദ്ധതികളിൽ നാളിതുവരെ നടപ്പിൽ വരാത്ത പദ്ധതികൾ ഏതെല്ലാം;

(ബി) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്രകാരം പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളത്?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ട് നടപ്പിലാക്കാത്ത പദ്ധതികൾ</u>

2056 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഇനിയും നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പാലക്കാട്ടെ സ്ലീപ്പർ പ്ലാന്റ് (2005-2006) തിരുവനന്തപുരം ബോട്ടിലിങ്ങ് പ്ലാന്റ്, ചേർത്തലയിൽ ഓട്ടോകാസ്റ്റുമായി ചേർന്നുള്ള കോച്ചുനിർമ്മാണ ഫാക്ടറി (2007-08) പാലക്കാട്ട് കോച്ചുഫാക്ടറി (2008-2009), തിരുവനന്തപുരത്തെ റെയിൽവേ മെഡിക്കൽ കോളേജ് (2009-10) കൊല്ലത്തെ മെമു ഷെഡ്, ആലപ്പുഴ ചേർത്തല വാഗൺ ഫാക്ടറി (2011-12) കോട്ടയത്തും നേമത്തും കോച്ച് ഡിപ്പോ (2011-12) എന്നീ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

എറണാകുളം- കായംകുളം തീരദേശ റെയിൽവേ വികസനം

2057 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013ലെ റെയിൽ ബഡ്ജറ്റിൽ എറണാകുളം-കായംകുളം തീരദേശ റെയിൽവേ വികസനത്തിന് എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) തീരദേശ റെയിൽവേ സ്റ്റേഷന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) തീരദേശപ്പാതയിലൂടെ ഏതെങ്കിലും പുതിയ ട്രെയിൻ സർവ്വീസാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റയിൽവേ പാത ഇരട്ടിപ്പിക്കൽ</u>

2058 ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാത ഇരട്ടിപ്പിക്കലിനായി അനുവദിച്ച തുക റയിൽവേയ്ക്ക് തിരിച്ചു നൽകിട്ടുള്ളതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചു, എത്ര തുക തിരിച്ചു നൽകി;

(ബി) പാത ഇരട്ടിപ്പിക്കൽ ജോലികൾ നിറുത്തിവയ്ക്കുന്നതായി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിറുത്തിവയ്ക്കുന്നതെന്തുകൊണ്ടാണെന്ന് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ;

(സി) പ്രസ്തുത ജോലിക്ക് ആവശ്യമായ മണ്ണ് ലഭിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടിയെടുക്കാതിരിന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റെയിൽപ്പാതകളുടെ ഇരട്ടിപ്പിക്കൽ</u>

2059

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ റെയിൽപ്പാതകൾ ഇരട്ടിപ്പിക്കുകയും വൈദ്യുതീകരിക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നത് നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വർഷങ്ങളിൽ ഏതെല്ലാം പാതകൾ ഇരട്ടിപ്പിക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനുമാണ് പ്രഖ്യാപനമുണ്ടായിട്ടുളളതെന്നും അതിൽ ഇതുവരെ ഏതെല്ലാം പ്രവർത്തികൾ നടന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>റെയിൽവേ സ്വകാര്യപങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ</u>

2060 ശ്രീ. എം.എ. ബേബി
,, വി. ശിവൻകുട്ടി
,, എം. ഹംസ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിക്കാലത്ത് റെയിൽവേ സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം സ്വകാര്യ സംരംഭകരാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) റെയിൽവേയുടെ നിലവിലുള്ള ഏതെല്ലാം സംവിധാനങ്ങളാണ് സ്വകാര്യ പങ്കാളിത്തത്തിനായി വിട്ടുകൊടുക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>റെയിൽവേ സ്റ്റേഷനുകൾക്ക് അന്താരാഷ്ട്ര നിലവാരം</u>

2061

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(സി) എങ്കിൽ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

കേരളാതിർത്തിയിൽ അവസാനിക്കുന്ന ട്രെയിനുകൾ അന്യ സംസ്ഥാനങ്ങളിലേക്ക് നീട്ടുന്ന നടപടി

2062

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാതിർത്തിയിൽ അവസാനിക്കുന്ന എത്ര ട്രെയിനുകൾ അന്യ സംസ്ഥാനങ്ങളിലേക്ക് നീട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനുകൾ ഏതെല്ലാമാണ്;

(സി) ഇങ്ങിനെ നീട്ടുന്നത് മൂലം റിസർവേഷനിൽ കേരളത്തിന് ക്വാട്ട കുറയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണം ട്രെയിനുകളിൽ ഉറപ്പുവരുത്താൻ നടപടി</u>

2063 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്നതും, വില കൂടുതലാണെന്നതുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണമേന്മയുള്ള ഭക്ഷണം ന്യായവിലയ്ക്ക് ട്രെയിനുകളിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരോടാവശ്യപ്പെടുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

ചാലക്കുടി റെയിൽവേ സ്റ്റേഷൻ

2064 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനാക്കി ഉയർത്തിയ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ രണ്ടാം പ്ലാറ്റ്ഫോമിലേയ്ക്ക് ഹൈലെവൽ പ്ലാറ്റ്ഫോമുകളും, ടോയ്ലറ്റ് സൗകര്യങ്ങളും, സിറ്റിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി ഡിവൈൻ നഗർ സ്റ്റേഷനിൽ ആഴ്ചയിൽ 3 ദിവസം സ്റ്റോപ്പുള്ള(16346,16345) കുർള എക്സ്പ്രസ്സ് ട്രെയിന് തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം എന്നീ ബാക്കി ദിവസ്സങ്ങളിൽ ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും, 6316 കൊച്ചുവേളി-ബാംഗ്ലൂർ പ്രതിദിന ട്രെയിനും, 13352 ആലപ്പുഴ -ധൻബാദ് ട്രെയിനും ചാലക്കുടി സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മെമു സര്‍വ്വീസിന്റെ സമയം ക്രമീകരിക്കല്‍</u>

2065 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയില്‍
,, ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാവിലെയും വൈകുന്നേരവും ഓഫീസ് ജീവനക്കാരായ യാത്രക്കാരുടെ തിരക്ക് മൂലം സംസ്ഥാനത്തെ പാസഞ്ചര്‍ ട്രെയിനുകള്‍ നിറഞ്ഞ് കവിയുന്നത് കാരണം ഉണ്ടാകാനിടയുള്ള അപകടസാധ്യത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുവാന്‍ എന്തു നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മെയിന്‍ ലൈന്‍ ഇലക്ട്രിക്കല്‍ മള്‍ട്ടിപ്പിള്‍ യൂണിറ്റ് (മെമു) സര്‍വ്വീസുകള്‍ ഓഫീസ് സമയങ്ങളില്‍ ക്രമീകരിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പൊതു ഗതാഗത സംവിധാനം</u>

2066 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച പദ്ധതി വിഹിതം</u>

2067

ശ്രീ. എളമരം കരീം
,, പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ബസ്സുകൾ വാങ്ങുന്നതിനും മറ്റുമായി പദ്ധതി വിഹിതമായി എന്ത് തുകയാണ് ഈ വർഷം കെ.എസ്. ആർ.ടി.സി.ക്ക് അനുവദിച്ചതെന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) തുക അനുവദിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ് എന്തെല്ലാം നിബന്ധനകളാണ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷനിലെ പെൻഷൻകാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യപാസ് നിർത്തലാക്കണമെന്ന് ഗ്രൂപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിനത്തിൽ അനുവദിച്ച തുകയിൽ എന്തു തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിച്ചു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

## 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.റ്റി.സി.യിൽ ജി.പി.എസ്. സംവിധാനം</u>

2068 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിന് ആലോചനയുണ്ടോ;

(ബി) ജി.പി.എസ്. സംവിധാനം വഴി കെ.എസ്.ആർ.റ്റി.സി.ക്ക് ഉണ്ടാകുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ;

(സി) കെ.എസ്.ആർ.റ്റി.സി.യിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനു പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>തലപ്പാടി, കൂട്ടുപുഴ എന്നിവിടങ്ങളിൽ നിന്നും ബസ് സർവ്വീസ് അനുവദിയ്ക്കാൻ നടപടി</u>

2069 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർണ്ണാടകത്തിൽ നിന്നും ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്ന ശ്രീ. തിരുവർക്കാട്ടുകാവിൽ (മാടായിക്കാവ്) കേരളാതിർത്തിയായ തലപ്പാടിയിൽ നിന്നും കൂട്ടുപുഴ നിന്നും കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

പുനലൂർ, കുളത്തൂപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും റദ്ദാക്കിയ സർവ്വീസുകൾ

2070 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ, കുളത്തൂപ്പുഴ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും വിവിധ ബൈ റൂട്ടുകളിലേക്കുളള എത്ര സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) റദ്ദു ചെയ്തതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഡ്യൂട്ടിയിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) റദ്ദ് ചെയ്ത സർവ്വീസുകൾ പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസ് പുന:സ്ഥാപിക്കൽ</u>

2071 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും അടുത്ത കാലത്ത് റദ്ദു ചെയ്തിട്ടുള്ള ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കായംകുളം ഡിപ്പോ ഇപ്പോൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ പ്രതിദിനം ശരാശരി എത്ര രൂപയാണ് നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നത്;

(സി) 2011, 2012, 2013 വർഷങ്ങളിൽ കായംകുളം ഡിപ്പോയുടെ വരവിന്റെയും ലാഭത്തിന്റേയും പ്രതിമാസ കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

മാവേലിക്കര ഡിപ്പോയിൽ റദ്ദാക്കിയ സർവ്വീസുകൾ

2072

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളത്തു നിന്നും പന്തളത്തേക്ക് ചുനക്കര നൂറനാട് വഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. യുടെ കത്ത് ലഭിച്ചിട്ടുണ്ടോ; ഈ കത്തിന്മേൽ വാഹനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തു നടപടി സ്വീകരിച്ചു;

(ബി) ഡീസൽ പ്രതിസന്ധിയ്ക്ക് ശേഷം മാവേലിക്കര ഡിപ്പോയിൽ നിന്നും എത്ര ബസ്സുകളാണ് നിർത്തലാക്കിയത്; മാവേലിക്കരയിൽ നിന്നും വരേണിക്കൽ വഴിയുള്ള സർവ്വീസ് ലാഭകരമായിരുന്നോ; എങ്കിൽ വാഹനം നിർത്താനുണ്ടായ കാരണം വ്യക്തമാക്കുമോ; വാഹനം പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഡീസൽ പ്രതിസന്ധിക്കു ശേഷം മാവേലിക്കര ഡിപ്പോയിലുണ്ടായ വരുമാനത്തിലെ വ്യത്യാസം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽനിന്നും ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി</u>

2073 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽനിന്ന് തിരൂരിലേയ്ക്ക് പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് വഴിയാണ് സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) നോട്ടിഫൈഡ് റൂട്ടായ കുന്ദംകുളം, ആൽത്തറ പുത്തൻപള്ളിവഴി തിരൂരിലേയ്ക്ക് എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട്;

(സി) നോട്ടിഫൈഡ് റൂട്ടായ കുണ്ടുകടവ് ആൽത്തറ റൂട്ടിൽ ടൗൺ ടു ടൗൺ, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് അനുവദിച്ച ഫെയർസ്റ്റേജിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി. ടി. സർവ്വീസുകൾക്ക് കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ അടുത്തസ്റ്റേജ് 12 കി. മീ. ദൂരെയുള്ള പുത്തൻപ്പള്ളി ആയതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ അത്താണി, മാറഞ്ചേരി, എരമംഗലം എന്നീ പുതിയ ഫെയർ സ്റ്റേജുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

## കാസര്‍കോട്-മംഗലാപുരം ദേശസാല്‍കൃതറൂട്ടിലെ ബസ് സര്‍വ്വീസുകള്‍

2074 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍കോട്-മംഗലാപുരം റൂട്ട് ദേശസാത്കരിച്ചത് എന്നാണെന്നും, അന്ന് കേരളത്തിന്റെയും കര്‍ണ്ണാടകത്തിന്റെയും എത്ര വീതം ബസ്സുകളാണ് സര്‍വ്വീസ് നടത്തിയിരുന്നതെന്നും, ഇപ്പോള്‍ എത്ര വീതം സര്‍വ്വീസുകളാണു നടക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ദേശസാത്കരിച്ചശേഷം ആദ്യമായി ഇവിടെ സ്വകാര്യബസ് സര്‍വ്വീസ് ആരംഭിച്ചത് എന്നാണെന്നും, സര്‍വ്വീസ് നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കിയത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ; ഇപ്പോള്‍ എത്ര സ്വകാര്യസര്‍വ്വീസുകളുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഇപ്പോള്‍ ഈ റൂട്ടില്‍ സംസ്ഥാനത്തിനര്‍ഹതയുള്ള മുഴുവന്‍ ബസ്സുകളും ഓടിക്കുന്നുണ്ടോ; ഇല്ലെങ്കില്‍ മുഴുവന്‍ ബസ്സുകളും ഓടിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യസര്‍വ്വീസുകള്‍ ഒഴിവാക്കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഫെയർസ്റ്റേജ്</u>

2075 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര-നെല്ലിക്കുന്നം-ഓടനാവട്ടം -ഓയൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസുകൾക്ക് അനുവദിച്ചിരിക്കുന്ന ഫെയർസ്റ്റേജ് കേന്ദ്രങ്ങൾ ഏതെല്ലാം;

(ബി) പ്രധാന ജംഗ്ഷനായ ഓടനാവട്ടത്ത് പ്രസ്തുത ബസ്സുകൾക്ക് ഫെയർസ്റ്റേജ് നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കോളിയൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പിലെ ഫെയർസ്റ്റേജിലെ അപാകാത

2076 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പൂങ്കുളം വാർഡിലെ കോളിയൂർ എന്ന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പിലെ ഫെയർസ്റ്റേജിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ തുറവൂർ വരെ നീട്ടുന്നതിന് നടപടി</u>

T. 2077 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കൊച്ചി-മെട്രോ എത്രമാത്രം സഹായകരമാകും എന്ന് ഏതെങ്കിലും ഔദ്യോഗിക ഏജൻസിയെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എത്ര സ്റ്റേഷനുകളാണ് കൊച്ചി-മെട്രോയിൽ ഉൾപ്പെട്ടിട്ടുള്ളത്;

(സി) വാഹന പാർക്കിംഗിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി എറണാകുളത്തെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന അരൂർ മണ്ഡലത്തിലെ ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കുന്നതിനായി കൊച്ചി-മെട്രോ തുറവൂർ വരെയെങ്കിലും നീട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളുടെ അമിതവേഗത</u>

2078

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ബസ്സുകളുടെ അമിത വേഗത, അനുവദനീയമായ റൂട്ട് മാറി സർവ്വീസ് നടത്തുന്നത്, എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂട്ട് മാറിയുളള സർവ്വീസും, മദ്യപിച്ച് വാഹനമോടിക്കുന്നതുമാണ് അമിത വേഗതയ്ക്ക് കാരണമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വര്‍ദ്ധിച്ചുവരുന്ന വാഹന അപകടങ്ങള്‍</u>

2079 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ വര്‍ദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും, മരണ നിരക്കും ദേശീയ ശരാശരിയേക്കാള്‍ കൂടുതലാണ് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റോഡപകടങ്ങള്‍ വര്‍ദ്ധിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങള്‍ എന്തെല്ലാമാണെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അപകടങ്ങളും, മരണനിരക്കും കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം</u>

2080 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് നൽകാതിരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറുകയും യാത്രാ ഇളവ് അനുവദിക്കാതിരിക്കുകയും വിദ്യാർത്ഥികളെ കയറ്റാതിരിക്കാൻ ബസ്സ് പെർമിറ്റ് ഫാസ്റ്റ് പാസഞ്ചറാക്കുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി നിര്‍ത്തലാക്കിയ ഷെഡ്യൂളുകള്‍

2081 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 ജനുവരി മുതല്‍ ഇതുവരെ കെ.എസ്.ആര്‍.ടി.സി എത്ര സര്‍വ്വീസുകള്‍ സംസ്ഥാനത്ത് നിര്‍ത്തലാക്കിയിട്ടുണ്ട്;

(ബി) ഇതില്‍ തൃശ്ശൂര്‍, ഗുരുവായൂര്‍ ഡിപ്പോകളില്‍ നിന്നും എത്ര സര്‍വ്വീസുകള്‍ നിര്‍ത്തലാക്കിയിട്ടുണ്ട്; ഇവ ഏതെല്ലാം സ്ഥലങ്ങളിലേക്കുളളവയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവ നിര്‍ത്തലാക്കാനുളള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

റോഡ് വാഹന സുരക്ഷാ പ്രവർത്തനങ്ങൾ

2082 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വാഹന സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ക്യാമറ സർവെയ്‌ലൻസ് പദ്ധതി</u>

2083 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ വാഹനങ്ങളുടെ അധിക വേഗത കണ്ടെത്തുന്നതിനായി നടപ്പാക്കിവരുന്ന ആധുനിക സർവെയ്‌ലൻസ് പ്രോഗ്രാം വ്യാപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ പിൻവാതിൽ നിയമനം</u>

2084 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പിൻവാതിൽ നിയമനം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയാളുകൾക്ക് ഇപ്രകാരം നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഗൾഫിൽ ജോലി ചെയ്തുവരുന്നവരെയും ഇപ്രകാരം നിയമിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സർക്കാർ എത്ര പേരെ ഈ വകുപ്പിൽ നിയമിച്ചിട്ടുണ്ട് ; പി.എസ്.സി. നിയമനം ഈ കാലയളവിൽ എത്രയാളുകൾക്ക് നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ് യാത്രക്കാരിൽ നിന്നും പണം വാങ്ങിയശേഷം ടിക്കറ്റ് നൽകാതിരിക്കുന്ന നടപടി</u>

2085 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസുകളിൽ യാത്രക്കാരിൽ നിന്നും പണം വാങ്ങിയിട്ടും ടിക്കറ്റ് നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രീതിയിൽ ടിക്കറ്റ് നൽകാതിരിക്കുന്നതിന് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പണം വാങ്ങിയിട്ടും യാത്രക്കാർക്ക് ടിക്കറ്റ് നൽകാതിരിക്കുന്ന ബസുകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് യാത്രക്കാരിൽ നിന്നും പണം വാങ്ങിയിട്ടും ടിക്കറ്റ് നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) പണം നൽകിയിട്ടും യാത്രക്കാർക്ക് ടിക്കറ്റ് നൽകാത്ത ബസുകൾക്കെതിരെ യാത്രക്കാർ ആരോടാണ് പരാതിപ്പെടേണ്ടതെന്ന് അറിയിക്കുമോ; ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കണ്ടക്ടർ-ഡ്രൈവർ ലൈസൻസുകൾക്കുള്ള പരീക്ഷകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി</u>

2086 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് കണ്ടക്ടർ ലൈസൻസ് ടെസ്റ്റിന്റെയും, ഡ്രൈവേഴ്സ് ബാഡ്ജ് ടെസ്റ്റിന്റെയും നിലവിലുള്ള പരീക്ഷാരീതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതപരീക്ഷകൾക്കു വ്യക്തമായ സിലബസ് നിശ്ചയിച്ച്, കമ്പ്യൂട്ടർവത്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കമ്പ്യൂട്ടർവത്ക്കരിക്കാനുള്ള സാങ്കേതികതടസ്സം എന്താണെന്നു വിശദമാക്കുമോ; പ്രസ്തുതതടസ്സം പരിഹരിക്കാൻ എത്ര കാലം വേണ്ടി വരുമെന്നറിയിക്കുമോ;

(ഡി) കമ്പ്യൂട്ടർവത്ക്കരണം, അഴിമതിയും എം.വി.ഐ.മാരുടെ ജോലിഭാരവും കുറയ്ക്കാൻ സഹായിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ മൂലധനം

2087 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള മൂലധനം എത്രയാണ്; ഈ സർക്കാർ പുതുതായി എത്ര കോടി രൂപ മൂലധനമായി നൽകുകയുണ്ടായി;

(ബി) നിലവിൽ പുതിയ എത്ര ബസ്സുകൾ ആവശ്യമാണെന്നും അതിനായി എന്തു തുക ആവശ്യമായി വരുമെന്നും അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി യുടെ കടം വാങ്ങാനുള്ള ശേഷി പരമാവധി എത്രയാണ്;

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി യ്ക്ക് പ്രവർത്തിക്കാൻ എന്ത് തുകയുടെ ആവശ്യം ഉണ്ട്; സംസ്ഥാന സർക്കാർ എന്ത് തുക നൽകിയിട്ടുണ്ട്; ഇനിയും വേണ്ടിവരുന്ന തുക ഏതെല്ലാം രീതിയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭിച്ച കേന്ദ്ര സഹായം</u>

2088

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. യുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രത്തിനോടാവശ്യപ്പെട്ട് എന്തെല്ലാം സഹായങ്ങൾ നേടിയെടുത്തു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കാന്‍ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സമിതി</u>

2089

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കാന്‍ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചിരുന്നോ;

(ബി) പ്രസ്തുത സമിതി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടെങ്കില്‍ റിപ്പോര്‍ട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആര്‍.ടി.സി.ക്ക് സപ്ലൈകോ പമ്പുകളില്‍ നിന്നും ഡീസല്‍ നല്‍കുന്നതിന് പ്രസ്തുത സമിതിയുടെ നിര്‍ദ്ദേശം ഉണ്ടായിരുന്നോ; പ്രസ്തുത നിര്‍ദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കാന്‍ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ജൻറം ബസുകളുടെ അറ്റകുറ്റപണികൾ</u>

2090 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൻറം പദ്ധതിയനുസരിച്ച് കെ.എസ്.ആർ.ടി.സിയ്ക്ക് എത്ര ബസ്സുകളാണ് നഗരസഭകൾ നൽകിയത്;

(ബി) പ്രസ്തുത ബസ്സുകളുടെ അറ്റകുറ്റപണികൾ ആരാണ് വഹിക്കുന്നത്; എത്ര ബസുകൾ ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നു;

(സി) പ്രവർത്തന രഹിതമായ ബസ്സുകൾ സർവീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി നടപടി സ്വീകരിക്കുമോ;

(ഡി) ജൻറം ബസ്സുകളുടെ സ്പെയർ പാർട്സും അറ്റകുറ്റപണികൾക്കുള്ള സാങ്കേതിക വിദ്യയും കെ.എസ്.ആർ.ടി.സി യ്ക്ക് ലഭിക്കുന്നുണ്ടോ; പുതിയ സാങ്കേതിക വിദ്യയ്ക്ക് അനുസരിച്ച് കെ.എസ്.ആർ.ടി.സി ജീവനക്കാരെ പരിശീലിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പരിശീലനത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി.യെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ</u>

2091 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മാസം മുതലുള്ള കെ.എസ്.ആർ. ടി.സി.യുടെ പ്രതിമാസ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും നഷ്ടം കെ. എസ്. ആർ. ടി. സി.ക്ക് ഉണ്ടാകുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കെ. എസ്. ആർ. ടി. സി. യുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി പഠനം നടത്താൻ ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ സാമ്പത്തിക പ്രതിസന്ധി</u>

2092 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യെ കടക്കെണിയിൽ നിന്നും രക്ഷിച്ച് സേവന മേഖലയിൽ നിലനിർത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) കെ.എസ്. ആർ. ടി.സി യെ മെച്ചപ്പെടുത്തുന്നതിനും രക്ഷപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ നിന്നും 1000 കോടി രൂപ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രകാരം ഇതേ വരെ എന്ത് തുക ലഭിച്ചു; ലഭിച്ചില്ലെങ്കിൽ ആയതിനുളള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതുപോലെ വികേന്ദ്രീകരിച്ച ഔട്ട്ലെറ്റുകളിൽ നിന്ന് ഡീസൽ നിറയ്ക്കാൻ കെ.എസ്.ആർ.ടി.സി ക്ക് സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു ലിറ്റർ ഇന്ധനം കൊണ്ട് 3.81 കിലോമീറ്റർ ഓടിക്കൊണ്ടിരുന്ന സ്ഥാനത്ത് നിന്നും കഴിഞ്ഞ എൽ.ഡി. എഫ് സർക്കാർ 4.27 കിലോമീറ്റർ വരെ ആക്കിയത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) കെ.എസ്.ആർ.ടി.സി യുടെ നിലനിൽപ്പിന് സുന്ദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്</u>

2093 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുളള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥലങ്ങൾ ലേലം നടത്തുന്നതിലും കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന്റെ പ്രവർത്തനത്തിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും അനാസ്ഥ കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം ആരെല്ലാമാണ് ലേലത്തിൽ എടുത്തിട്ടുളളതെന്നും ഇതിൽ ആരെല്ലാമാണ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുളളതെന്നും വ്യക്തമാക്കാമോ;

(ഡി) മറ്റുളളവർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.റ്റി.സി.യുടെ ഫെബ്രുവരി മാസത്തെ വരവുചെലവുകൾ</u>

2094 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളസംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഫെബ്രുവരി മാസത്തെ മൊത്തം വരുമാനമെത്ര;

(ബി) ഡീസൽവിലയുൾപ്പെടെ പ്രസ്തുതമാസത്തെ ശരാശരി ചെലവ് എത്ര രൂപ;

(സി) ഫെബ്രുവരി മാസത്തെ നഷ്ടം നികത്തുന്നതിന് സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടെങ്കിൽ എത്ര;

(ഡി) കെ.എസ്.ആർ.റ്റി.സി.യിൽ നിന്നും വിരമിക്കുന്നവർക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ, എത്രപേർക്ക് ഈ ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) അപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്; തീർപ്പാക്കിയതിൽ എത്ര തുക കൊടുത്തുതീർക്കാനുണ്ട്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി.സി ഷോപ്പിംഗ് സെന്ററുകളിൽ നിന്നുള്ള വരുമാനം</u>

2095 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. യുടെ ഷോപ്പിംഗ് സെന്ററുകളിൽ നിന്നും വിവിധ ബസ്സ് സ്റ്റാന്റുകളോടനുബന്ധിച്ചു പ്രവർത്തിച്ചുവരുന്ന വ്യാപാര-വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം എന്തു തുക കോർപ്പറേഷന് വരുമാനം ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.റ്റി.സി.യിലെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കാൻ നടപടി</u>

2096 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യിൽ നിലവിലെ ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതവരുമാനമാർഗ്ഗങ്ങൾ വഴി എത്ര തുക സമാഹരിക്കാൻ കഴിയുന്നുവെന്നു വിശദമാക്കുമോ;

(സി) കെ.എസ്.ആർ.റ്റി.സി.യിൽ ടിക്കറ്റിതരവരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയതായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന വിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഡീസൽ സപ്ലൈകോ പമ്പുകളിൽ നിന്നും
വാങ്ങാൻ നടപടി

2097

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡീസൽ എണ്ണ കമ്പനികളിൽ നിന്ന് നേരിട്ടുവാങ്ങുന്നതിനു പകരം സപ്ലൈകോ പമ്പുകളിൽ നിന്ന് വാങ്ങിയാൽ ഡീസൽ സബ്സിഡി ലഭിക്കുമായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം ക്രമീകരണം നടത്താത്തതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ അനുവദിച്ച 28 കോടി രൂപയുടെ ധനസഹായം എണ്ണ കമ്പനികൾക്ക് ലഭിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടിവരുന്ന ഡീസൽ

2098 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് ഡീസൽ വാങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഡീസൽ വിലയിലെ അന്തരം

2099 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ക്ക് ഇപ്പോൾ ഡീസൽ ലഭിക്കുന്നത് ലിറ്ററിന് എത്ര രൂപ നിരക്കിലാണ്; മറ്റ് സ്വകാര്യ ബസ്സുകൾക്കും വാഹനങ്ങൾക്കും ഡീസൽ വില എത്ര രൂപയാണ്; എന്തുകൊണ്ടാണ് ഈ വ്യത്യാസം; പ്രസ്തുത വില വർദ്ധന എന്നുമുതലാണ് നടപ്പിലായിട്ടുള്ളത്; ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ബി) കെ.എസ്.ആർ.ടി.സി പ്രതിദിനം എത്ര സർവീസുകളാണ് സബ്സിഡി എടുത്തുകളയുന്നതിനുമുമ്പ് നടത്തിയിരുന്നത്; ഇതിനായി എത്ര ലിറ്റർ ഡീസൽ പ്രതിദിനം ചെലവാക്കിയിരുന്നു; എത്ര കിലോമീറ്റർ ദൂരം ഇതുപയോഗിച്ച് ഓടിയിരുന്നു; ഇതിനായി എന്ത് ചെലവാണ് ഉണ്ടായിരുന്നത്; സബ്സിഡി എടുത്തുകളയുന്നതിനുമുൻപുള്ള ഒരു മാസത്തെ ഇനത്തിലെ കണക്ക് ലഭ്യമാക്കാമോ;

(സി) സബ്സിഡി നീക്കംചെയ്തശേഷം നടത്തിയിട്ടുള്ള സർവീസുകളുടെ വിശദാംശങ്ങൾ, സർവ്വീസ് നടത്തിയ ബസ്സുകളുടെ എണ്ണം, ചെലവായ ഡീസൽ, അതിന് ചെലവഴിച്ച തുക, സർവ്വീസ് നടത്തിയ ആകെ ദൂരം, സബ്സിഡിയുണ്ടായിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക ഈ രണ്ടു തുകകളും തമ്മിലുള്ള അന്തരം എന്നിവ വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി പമ്പുകളിൽ നിന്നും ഡീസൽ എടുക്കുന്നതിനുപകരം, മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നോ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നോ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ ഡീസൽ നിറച്ചാൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി</u>

2100

ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. അബ്ദുൾ ഖാദർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽവില വർദ്ധനയെത്തുടർന്ന് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിമാരുമായി നടത്തിയ കത്തിടപാടുകളുടെയും സന്ദർശനങ്ങളുടെയും വിശദാംശം വ്യക്തമാക്കുമോ;

(ബി) ഡീസൽവില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ ഒഴിവാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിലപാട് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 26.03.2013–ലെ മറുപടിക്ക്

<u>സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ</u>

2101 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസുകളിൽ ഡീസലിനു പകരം സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വശങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സജ്ജീകരണങ്ങൾക്കായി എന്തു തുക മുതൽ മുടക്കു വരുമെന്നും പ്രസ്തുത തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് സി. എൻ. ജി. യുടെ ലഭ്യതയും വിതരണത്തിനുള്ള സംവിധാനങ്ങളും എത്രത്തോളമുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) ഡീസലുമായി താരതമ്യപ്പെടുത്തുമ്പോൾ സി. എൻ. ജി. ഉപയോഗിക്കുന്നതുകൊണ്ട് എത്രമാത്രം സാമ്പത്തികലാഭം ഉണ്ടാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

2102

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്;

(ബി) ഏതെല്ലാം ഡിപ്പോകൾക്കാണ് പുതുതായി ബസ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത വാഹനങ്ങൾ</u>

2103 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതേ വരെ എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്: ഇരു ചക്ര, മുച്ചക്ര, നാലുചക്ര വാഹനങ്ങളുടെ ഇനം തിരിച്ച കണക്ക് നല്കാമോ;

(ബി) ഇവയിൽ ഉപയോഗശൂന്യമായി കുറവു ചെയ്തവയുടെ വിശദവിവരം നല്കാമോ;

(സി) രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ സർക്കാർ വാഹനങ്ങളുടെ ഗണത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടവ എത്ര; അവയിൽ എത്രയെണ്ണം കുറവു ചെയ്തിട്ടുണ്ട്;

(ഡി) കുറവു ചെയ്യപ്പെടുന്ന രജിസ്ട്രേഷൻ നമ്പർ പിന്നീട് മറ്റു വാഹനങ്ങൾക്ക് നല്കാറുണ്ടോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

തൃക്കരിപ്പൂർ മണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന കെ.എസ്. ആർ.ടി.സി. ബസ്സുകൾ

2104

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്ര കെ.എസ്.ആർ.ടി. സി. ബസ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്നും, നേരത്തെ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളാണ് നിർത്തലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ബസ്സ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിൽ വർക്ക്ഷോപ്പ് സൗകര്യം

2105 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതുതായി ആരംഭിയ്ക്കുന്ന ബസ്സ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിൽ കെ.എസ്. ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്ഥലമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിലെ പാവങ്ങാട് താത്ക്കാലികമായി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിരമായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മലപ്പുറത്ത് ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്</u>

2106 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇതുപ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത്;

(ഡി) നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ കെട്ടിടം</u>

2107

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഒരു പുതിയ കെട്ടിടം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ തസ്തികമാറ്റം വഴിയുള്ള നിയമനം</u>

2108 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം ഏതു വിഭാഗം ജീവനക്കാർക്കാണ് നൽകുന്നത്;

(ബി) നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം നിലവിൽ എത്രയാണ് ;

(സി) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ;

(ഡി) തസ്തികമാറ്റം വഴിയുള്ള നിയമനത്തിലെ നിലവിലുള്ള അനുപാതം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) തസ്തികമാറ്റം വഴിയുള്ള നിയമനത്തിൽ മോട്ടോർ വാഹന വകുപ്പിൽ ഏതെങ്കിലും വിഭാഗം ജീവനക്കാരെ പുതിയതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ലൈസൻസ്, ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>

2109 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് കണ്ടക്ടർ ലൈസൻസ്, ഡ്രൈവേഴ്സ് ബാഡ്ജ് എന്നിവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈസൻസ് ലഭിക്കുന്നതിനുള്ള പരീക്ഷാ സമ്പ്രദായം എന്താണെന്ന് വിശദമാക്കുമോ ;

(സി) ഇത് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

എടത്വാ കെ.എസ്..ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

2110 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(ബി) സർവ്വീസ് നടത്തുന്ന 26 ഷെഡ്യൂളുകളും ലാഭകരമായ ഈ ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ആധുനിക ഓഫീസ്, ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഡിപ്പോയിലേക്ക് കട്ട്ചെയ്സ് ബസുകൾ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

മോട്ടോർ വാഹന വകുപ്പിലെ ഒഴിവുകൾ

2111 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ജോലി ഭാരത്തിനനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളിലാണ് നിലവിൽ ഒഴിവുളളതെന്ന് വ്യക്തമാക്കാമോ;

(ബി) അവസാനമായി മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) നിയമസഭാ സബ്ജക്ട് കമ്മറ്റിയുടെ പഠനറിപ്പോർട്ടിലെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫാസ്റ്റ്ട്രാക്ക് കൗണ്ടറുകൾ ആരംഭിച്ചപ്പോൾ എത്ര മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ആഡംബര ബോട്ട് സർവ്വീസ്</u>

2112 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി അത്യാധുനിക ആഡംബര ബോട്ട് സർവ്വീസുകൾ അനുവദിക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്;

(ഡി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ബോട്ട് സർവ്വീസുകൾ</u>

2113 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ദ്വീപ് സമൂഹങ്ങളെ നഗരവുമായി ബന്ധപ്പെടുത്തുന്നതിന് താരതമ്യേന വേഗത കൂടിയതും കൂടുതൽ പേർക്ക് കയറാവുന്നതുമായ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>വൈക്കം-തവണക്കടവ് റൂട്ടിലെ ബോട്ട് സർവ്വീസുകൾ</u>

2114 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം-തവണക്കടവ് റൂട്ടിൽ ജലഗതാഗത വകുപ്പിന്റെ എത്ര ബോട്ടുകളാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്നും ഓരോ ബോട്ടുകളിലും ഉൾക്കൊള്ളാൻ കഴിയുന്ന യാത്രക്കാർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ റൂട്ടിൽ ശരാശരി എത്ര യാത്രക്കാർ പ്രതിദിനം യാത്ര ചെയ്യുന്നു എന്നു വ്യക്തമാക്കുമോ; ഈ റൂട്ടിൽ ബോട്ടിന്റെ എണ്ണം കുറച്ചിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) കൂടുതൽ യാത്രക്കാർ സഞ്ചരിക്കുന്ന ബോട്ടുകൾ പ്രസ്തുത റൂട്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്തെന്നും പിൻവലിച്ച ബോട്ടുകൾ ഇപ്പോൾ എവിടെ സർവ്വീസ് നടത്തുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) വൈക്കം-തവണക്കടവ് ജലഗതാഗത പാത ഇപ്പോൾ വരുമാനത്തിൽ സംസ്ഥാനത്ത് എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ;

(ഇ) വൈക്കം-തവണക്കടവ് പാതയിൽ കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളുന്ന കൂടുതൽ ബോട്ടുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം

2115 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധിയായി അനുവദിച്ചിട്ടും ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന് ഇത് കോംപൻസേറ്ററി അവധിയായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 24 മണിക്കൂർ വരെ ജോലിചെയ്യേണ്ടി വരുന്ന ഓപ്പറേറ്റിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് ഇത് മൂന്ന് ഡ്യൂട്ടിയായി പരിഗണിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ചില സ്റ്റേഷനുകളിലെ സ്റ്റേഷൻ മാസ്റ്റർക്കും ക്യാഷ് ഡ്യൂട്ടിയിൽ ഉള്ളവർക്കും തുടർച്ചയായി ജോലിചെയ്യുമ്പോൾ 3 ഡ്യൂട്ടി അനുവദിച്ചു നൽകാറുണ്ടോ ; എങ്കിൽ മറ്റു ജീവനക്കാർക്കും പ്രസ്തുത സൗകര്യം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ജലഗതാഗത വകുപ്പിൽ നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് നൽകിയിരുന്ന ഡേ ഓഫ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?